# കേരള സർവകലാശാല

നം. പി.ആർ.060/2016 ഫോൺ : 2305738


## പത്രക്കുറിപ്പ്

### ബി.പി.എ പ്രാക്ടിക്കൽ/ വൈവ

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ആറാം സെമസ്റ്റർ ബി.പി.എ മൃദംഗം (സപ്ലിമെന്ററി മാത്രം) പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണ്ണയവും വൈവയും ശ്രീ സ്വാതിതിരുനാൾ കോളേജിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എസ്സി (എസ്.ഡി.ഇ/എൽ.എസ്.സി) പരീക്ഷാകേന്ദ്രങ്ങൾ

കേരള സർവകലാശാല മേയിൽ നടത്തുന്ന രണ്ടാം വർഷ ബി.എസ്സി (ആന്വൽ സ്കീം - എസ്.ഡി.ഇ/എൽ.എസ്.സി സെന്ററുകൾ) പരീക്ഷയ്ക്ക് പിഴകൂടാതെ മേയ് രണ്ട് (50 രൂപ പിഴയോടെ മേയ് നാല്, 250 രൂപ പിഴയോടെ മേയ് അഞ്ച്) വരെ ഓൺലൈനായി (www.exams.keralauniversity.ac.in) അപേക്ഷിക്കാം. തിരുവനന്തപുരം ഗവ. ആർട്സ് കോളേജ്, കൊല്ലം എസ്.എൻ കോളേജ്, ആലപ്പുഴ എസ്.ഡി കോളേജ്, പാലക്കാട് ചെർപ്ലശ്ശേരി ഐഡിയൽ കോളേജ്, കാസർഗോഡ് കല്ലിയോട്ട് കാഞ്ഞിരടുക്കം ഗവ. എച്ച്.എസ്.എസ് എന്നിവ മാത്രമായിരിക്കും പരീക്ഷാകേന്ദ്രങ്ങൾ.

### ബി.ഫാം ഫലം

കേരള സർവകലാശാല 2015 നവംബറിൽ നടത്തിയ മൂന്നാം വർഷ ബി.ഫാം സപ്ലിമെന്ററി പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മേയ് 10 വരെ അപേക്ഷിക്കാം.

### ബി.കോം ഫലം

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (ത്രീമെയിൻ) സപ്ലിമെന്ററി പരീക്ഷാ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മേയ് 13 വരെ അപേക്ഷിക്കാം.

### ബി.എ പരീക്ഷ

കേരള സർവകലാശാല രണ്ടാം വർഷ ബി.എ (സപ്ലിമെന്ററി - പാർട്ട് മൂന്ന് സബ്സിഡിയറി - ആന്വൽ സ്കീം) പരീക്ഷകൾക്ക് പിഴകൂടാതെ ഏപ്രിൽ 27 (50 രൂപ പിഴയോടെ ഏപ്രിൽ 28, 250 രൂപ പിഴയോടെ ഏപ്രിൽ 29) വരെ ഫീസ് അടയ്ക്കാം.

### എം.ബി.എ (2016-18) : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല കാര്യവട്ടം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയിൽ എം.ബി.എ (ഫുൾടൈം), എം.ബി.എ (ടൂറിസം - ഫുൾടൈം),

പാളയം ഐ.എം.കെയിൽ എം.ബി.എ (ഈവനിംഗ്), യൂണവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ (യു.ഐ.എം) എം.ബി.എ (ഫുൾടൈം) കോഴ്സുകൾക്ക് (2016-18) ഏപ്രിൽ 25 മുതൽ ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാം. അവസാന തീയതി മേയ് 31 വൈകുന്നേരം അഞ്ച് മണിവരെ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ അഡ്മിഷൻ പോർട്ടലിൽ (www.admissions.keralauniversity.ac.in) ലഭിക്കും.
(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കാനുള്ളത്)

## ശിൽപശാല

കേരള സർവകലാശാല കാര്യവട്ടം മന:ശാസ്ത്ര പഠനവകുപ്പിന്റെ പൂർവ്വവിദ്യാർത്ഥി സംഘടനയായ 'ഓർമ്മ' ഈ വർഷത്തെ (2016) കൂട്ടായ്മ സംഘടിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി ഏപ്രിൽ 30-ന് ഹിപ്നോസിസ് ഫോർ ഡെയ്‌ലി എൻഹാൻസ്മെന്റ് (ഹിപ്നോട്ടിസം) എന്ന വിഷയത്തിൽ ഡോ. ജിനി കെ. ഗോപിനാഥ് നേതൃത്വം നൽകുന്ന ശിൽപശാല നടത്തും. പൊതുജനങ്ങൾക്കും ശിൽപശാലയിൽ പങ്കെടുക്കാം. മേയ് ഒന്നിന് 'ഓർമ്മ' വാർഷിക കൂട്ടായ്മയും നടത്തും. എല്ലാ പൂർവ്വ വിദ്യാർത്ഥികളും പങ്കെടുക്കണം. ഫോൺ. 9895825310, 9447019348.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
23.04.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in